# അറബി ഭാഷ
# പ്രാധാന്യവും
# പ്രത്യേകതകളും

Hijrah' V/No 3, Issue No 12
Dece: 1984

വി പി അബൂബക്കർമദനി

നൂറു കോടി വരുന്ന മുസ്ലിം സമൂഹത്തിന്റെ മതഭാഷയായ അറബി അവരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ലോകത്തിന്റെ നാനാ ഭാഗങ്ങളിലുമുള്ള മുസ്ലിംകളുടെ കേന്ദ്രങ്ങളിൽ നിന്ന് നിത്യവും അഞ്ചു പ്രാവശ്യം അറബിയിലുള്ള ബാങ്കുവിളി കേൾക്കാം. 10 കോടി വരുന്ന അറബി രാഷ്ട്ര നിവാസികളുടെ മാതൃഭാഷ എന്നതിനു പുറമെ ആയിരക്കണക്കിൽ വിദേശീയർ ആ ഭാഷയിൽ ആശയവിനിമയം നടത്തുകയും ചെയ്യുന്നു.

ഇരുപതാം നൂറ്റാണ്ടിൽ അറബിരാഷ്ട്രങ്ങൾക്കുണ്ടായിട്ടുള്ള വളർച്ചയും പുരോഗതിയും അറബിഭാഷയെ ഒരു ലോകഭാഷയാക്കിത്തീർക്കാൻ ഉപകരിച്ചിട്ടുണ്ട്. മധ്യ നൂറ്റാണ്ടുകളിൽ ശാസ്ത്രീയ വിജ്ഞാനത്തിന്റെ പിതാവെന്ന സ്ഥാനം അലങ്കരിച്ചിരുന്ന അറബിഭാഷയെ ഇസ്ലാമിക ഭരണകൂടങ്ങൾക്കു വന്ന തളർച്ച ഉലച്ചു എന്നതു വാസ്തവമാണ്. എങ്കിലും ലോകഭാഷകളുടെ കൂട്ടത്തിൽ മൂന്നാം സ്ഥാനം ഇന്നും അറബിഭാഷയ്ക്കാണ്. യുനെസ്കോ അംഗീകരിച്ചിട്ടുള്ള ആറ് ഭാഷകളുടെ കൂട്ടത്തിൽ ഒന്നാണ് അറബി ഭാഷ.

സൗദി അറേബ്യ, ഇറാൻ, ഇറാഖ്, യമൻ, കുവൈറ്റ്, മസ്കറ്റ്, ജോർഡാൻ, ബഹ്റൈൻ, സിറിയ, ഈജിപ്ത്, ലബനോൺ, യു. എ. ആർ, സുഡാൻ, ടുണീഷ്യ, അൽജീരിയ, മൊറോക്കോ, ട്രിപ്പോളി, നൈജീരിയ തുടങ്ങി മുപ്പതിൽപ്പരം ആഫ്രോ ഏഷ്യൻ രാജ്യങ്ങളിലെ ദേശീയ ഭാഷയും മാതൃഭാഷയും അറബിയാകുന്നു. പ്രസ്തുത രാജ്യങ്ങളിൽ ശാസ്ത്രീയവും സാങ്കേതികവുമായ വിദ്യാഭ്യാസം നൽകപ്പെടുന്നതും അറബിഭാഷയിൽ തന്നെയാണ്. മുസ്ലിം രാഷ്ട്രങ്ങളുടെ നയതന്ത്രപ്രതിനിധികളും, എംബസികളും ഇന്ന് ലോകത്തിന്റെ മിക്ക രാഷ്ട്രങ്ങളിലുമുണ്ട്. മാത്രമല്ല എണ്ണയുടെയും സമ്പത്തിന്റെയും വിളനിലമായ മധ്യ പൗരസ്ത്യരാജ്യങ്ങളുമായി നിത്യബന്ധം പുലർത്തേണ്ടത് വാണിജ്യപരമായും വ്യവസായപരമായും ഏതൊരു രാജ്യത്തിനും ഒഴിച്ചുകൂടാത്ത ആവശ്യമായിത്തീർന്നിരിക്കയാണ്. ഇത്തരം സാഹചര്യങ്ങൾ അറബിഭാഷയെ യഥാർത്ഥത്തിൽ ഒരു ലോകഭാഷയാക്കിത്തീർത്തിട്ടുണ്ട്.

മേൽപറഞ്ഞ കാരണങ്ങളാൽ ലോകരാഷ്ട്രങ്ങൾ അറബിഭാഷ പഠിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും അത്യന്തം ഉത്സുകരാകുന്നു. ഈജിപ്ത്, സിറിയ തുടങ്ങിയ രാഷ്ട്രങ്ങളിൽ ശാസ്ത്രീയവും സാങ്കേതികവുമായ എല്ലാ വിജ്ഞാനങ്ങളും അറബിഭാഷയിലൂടെ നൽകപ്പെടുന്നു. അൽ അസ്ഹർ മുതലായ യൂനിവേഴ്സിറ്റികൾ ലോകപ്രസിദ്ധമാണ്. യൂറോപ്പിന്റെ നവോത്ഥാനത്തിൽ അറബിഭാഷ വഹിച്ച പങ്ക് എക്കാലവും സ്മരിക്കപ്പെടും. സ്പെയ്നിനെ യഥാർത്ഥ സ്പെയിനാക്കിത്തീർത്തതും, വിവിധ ശാസ്ത്രങ്ങളിൽ വിരാജിക്കുവാൻ ആ രാജ്യത്തിന് നൂറ്റാണ്ടുകളോളം കെല്പുനൽകിയതും അറബിസംസ്കാരവും അറബിഭാഷയും സമഞ്ജസമായി സമ്മേളിച്ച വിതരണം ചെയ്ത 'കർഡോവാ' യൂനിവേഴ്സിറ്റിയാണ്. ലോകരാജ്യങ്ങളിൽനിന്നു വിവിധകലകളിലേക്ക് വിദ്യാർത്ഥികളെ മാടിവിളിച്ച് ആവശ്യാനുസരണം അഭ്യസ്തവിദ്യരാക്കിത്തീർത്ത പ്രസ്തുത യൂനിവേഴ്സിറ്റി നൂറ്റാണ്ടുകളോളം ഈ ലോകത്തിനു അനുഗ്രഹമായിരുന്നു. സാഹിത്യരംഗത്തും അറബിഭാഷ അതിന്റെ പാരമ്പര്യം നിലനിർത്തിപ്പോരുന്നു. എണ്ണറ്റ പരിഷ്കൃത രീതിയിലുള്ള പത്രമാസികകൾ അറബിയിൽ പ്രസിദ്ധീകരിച്ചുവരുന്നു. സിനിമ, നാടകം മുതലായ രംഗങ്ങളിലും ഈ ഭാഷ ഒട്ടും പിന്നിലല്ല.

അമേരിക്കയിലെ പ്രിൻസ്റ്റൺ യൂനിവേഴ്സിറ്റിയിൽ അടുത്ത കാലത്തായി ഇസ്ലാമിക സാംസ്കാരിക ഗവേഷണങ്ങൾ നടത്താൻ ഒരു പ്രത്യേകവകുപ്പ് തന്നെ ഏർപ്പെടുത്തിയിട്ടുണ്ടെന്നതും പ്രസ്താവ്യമാണ്. അറബി വിജ്ഞാനീയങ്ങളെസ്സംബന്ധിച്ച പഠനം നടത്തുവാനും, പ്രാചീന മുസ്ലിംകൾ ലോകത്തിനു നൽകിയ സംഭാവനകൾ മനസ്സിലാക്കുവാനും വേണ്ടി അറബിഗ്രന്ഥങ്ങളെ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുവാനുള്ള ഒരു വിഭാഗം അവിടെയുണ്ടെന്ന കാര്യം ആധുനിക ലോകത്തിന് അറബിഭാഷയോടുള്ള കടപ്പാട് വെളിപ്പെടുത്തുന്നു.

ഇന്ത്യ, പാക്കിസ്ഥാൻ, ഇന്തോനേഷ്യ, പേർഷ്യ, സിലോൺ, തെക്കെ ആഫ്രിക്ക, അഫ്ഗാനിസ്ഥാൻ തുടങ്ങിയ പല രാജ്യങ്ങളിലും അറബി വിദ്യാലയങ്ങളും അറബിഭാഷ പഠിപ്പിക്കുന്ന കലാലയങ്ങളും ഉണ്ട്. ലക്ഷക്കണക്കിൽ വിദ്യാർത്ഥികൾ അവയിൽ പഠനം നടത്തിവരുന്നു. അമേരിക്ക, റഷ്യ, ബ്രിട്ടൻ, ഫ്രാൻസ്, ഇന്ത്യ, പാക്കിസ്ഥാൻ, സിലോൺ, ഇന്തോനേഷ്യ തുടങ്ങിയ നിരവധി രാഷ്ട്രങ്ങളിൽനിന്ന് അറബി ഭാഷയിലുള്ള റേഡിയോ പ്രക്ഷേപണങ്ങൾ കേൾക്കാൻ കഴിയും.

അറബിഭാഷയിലുള്ള ഏറ്റവും വിശിഷ്ട സാഹിത്യ ഗ്രന്ഥമായ വിശുദ്ധ ഖുർആനിന്റെ ലോകാവസാനം വരെയുള്ള സുരക്ഷിതമായ നിലനില്പും പരിശുദ്ധ മക്കയിൽ വെച്ചുള്ള ലോകമുസ്ലിംകളുടെ വർഷാന്തസമ്മേളനവും അറബിഭാഷയെ ഒരന്താരാഷ്ട്രഭാഷയാക്കി നിലനിർത്തുമെന്ന് നിസ്സംശയം പറയാം.

### അറബിഭാഷയുടെ സവിശേഷതകൾ:

സെമിറ്റിക് ഭാഷകളുടെ കൂട്ടത്തിൽ ഒരു ജീവൽ ഭാഷയായി ഇന്നും അവശേഷിക്കുന്നത് അറബിക് മാത്രമാകുന്നു. അതൊരു പൗരാണികഭാഷയും, അതോടൊപ്പം ആധുനികഭാഷയുമാണ്. ബാഹ്യവീക്ഷണത്തിൽ പ്രയാസമുള്ളതായി തോന്നാമെങ്കിലും യഥാർത്ഥത്തിൽ ലളിതവും പഠിക്കാൻ എളുപ്പവുമായ ഒരു ഭാഷയാണിത്. മാത്രമല്ല, അതിന്റെ ലിപി നിരവധി ഭാഷകളും ജനങ്ങളും ഉപയോഗിക്കുന്നു. ഉർദു, പേർഷ്യൻ, ആഫ്രിക്കൻ, ടർക്കി, മലയൻ, ഇന്തോനേഷ്യ തുടങ്ങിയ ഭാഷകളുടെ ലിപി അറബിയിലാണ്.

പല ആധുനിക ഭാഷകൾക്കും പതിന്നാലാം നൂറ്റാണ്ടിന്നപ്പുറം പഴക്കമില്ലെന്നു മാത്രമല്ല, കാലാന്തരത്തിലുള്ള അസ്ഥിവാരമോ ഭദ്രതയോ ഇല്ലെന്നതാണു പരമാർത്ഥം. എന്നാൽ അറബിഭാഷ കാലാന്തരത്തിൽ സംഭവിച്ചേയ്ക്കാവുന്ന മാറ്റങ്ങൾക്കതീതമാണു. ക്രിസ്താബ്ദം അഞ്ചാം നൂറ്റാണ്ടിലെ അറബി സാഹിത്യഭാഷ ഇന്നും സാഹിത്യഭാഷയായി തന്നെ അവശേഷിക്കുന്നു.

### അറബിഭാഷയുടെ മറ്റു പ്രത്യേകതകൾ:

ഒരു വാചകത്തിൽ പദങ്ങളുടെ സ്ഥാനമനുസരിച്ച് അവയുടെ അന്ത്യാക്ഷരങ്ങൾക്കു മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു.

ചുരുങ്ങിയ വാക്കുകളിൽ വിശാലമായ ആശയം പ്രകടിപ്പിക്കാൻ കഴിയുന്നു.

സുരക്ഷിതമായ വ്യാകരണ നിയമങ്ങളുള്ള ഒരു ഭാഷയാണിത്.

മൂലവാക്കുകളിൽനിന്ന് നിരവധി വാക്കുകൾ നിശ്ചിത രീതിയിൽ നിർമ്മിക്കാൻ സാധിക്കുന്നു. അതാതു പദങ്ങളിൽ ചില്ലറ മാറ്റങ്ങൾ വരുത്തി വിവിധാർത്ഥങ്ങളുള്ള മറ്റു പദങ്ങൾ നിഷ്പ്രയാസം ഉണ്ടാക്കാൻ സാധിക്കുന്നു.

ഏറ്റവും അധികം പദസമ്പത്തുള്ള ഒരു ഭാഷയാണിത്. നാലു ലക്ഷത്തോളം മൂലപദങ്ങളും ഒരു കോടിയോളം വിവിധ പദങ്ങളും അതിലുണ്ട്.

ധാരാളം പര്യായങ്ങൾ അടങ്ങിയ ഭാഷയാണ്. ഉദാഹരണം: വാളിന്ന് ആയിരം, സിംഹത്തിന്ന് അഞ്ഞൂറ്, ഒട്ടകത്തിന്ന് 255, വെള്ളത്തിന്ന് 170—ഇത്രയും പര്യായങ്ങളുണ്ട്.

ഒരർത്ഥത്തെയും അതിന്റെ വിപരീതാർത്ഥത്തെയും കുറിക്കുന്ന ധാരാളം പദങ്ങൾ അറബിഭാഷയിൽ കാണാം.

ഒരോപദത്തിന്നു ദശക്കണക്കിൽ അർത്ഥങ്ങളുള്ള ധാരാളം പദങ്ങൾ അറബിയിലുണ്ട്.

അക്ഷരങ്ങളെ ഇരട്ടിപ്പിക്കുന്നതിൽ ഐകരൂപ്യമുണ്ട്.

ഉച്ചാരണവും സ്പെല്ലിങ്ങും തമ്മിൽ പൊരുത്തക്കേടില്ല.

അധിക പദങ്ങളും ത്ര്യക്ഷരങ്ങളാണ്. ഏഴിൽ കൂടുതൽ അക്ഷരങ്ങളുള്ള പദങ്ങൾ കാണപ്പെടുകയില്ല.

സൂക്ഷ്മാർത്ഥം കുറിക്കുന്ന പദങ്ങൾ സുലഭമാണ്. ഉദാ:—പകലിലെ ഓരോ മണിക്കൂറുകൾക്കും പ്രത്യേകം പ്രത്യേകം പേരുകളുണ്ട്. ഓരോ ഭാഗത്തുമുള്ള തലമുടിക്കും വ്യത്യസ്തമായ നാമങ്ങളുണ്ട്.

ശബ്ദവും അർത്ഥവും തമ്മിൽ യോജിപ്പു കാണാം.

അക്ഷരമാലകളിലെ അക്ഷരങ്ങളുടെ എണ്ണം താരതമ്യേന കുറവാണ്. അക്ഷരങ്ങളെ അവയുടെ രൂപമനുസരിച്ച് പതിനഞ്ച് ഇനങ്ങളായി തിരിക്കാം. ചെറുപുള്ളികൾകൊണ്ടു മാത്രം ഒരക്ഷരത്തെ മറ്റൊരക്ഷരമാക്കാം.

പദങ്ങൾക്കു ദ്വിവചനരൂപങ്ങളുണ്ട്.

ഒറ്റയക്ഷരങ്ങൾ കൂട്ടിഎഴുതുമ്പോൾ ഗണ്യമായ മാറ്റം സംഭവിക്കുന്നു.

മറ്റു ഭാഷകളിൽ ഇല്ലാത്ത ശബ്ദങ്ങളുള്ള അക്ഷരങ്ങൾ ഇതിലുണ്ട്.

മനുഷ്യപ്രകൃതിയനുസരിച്ചു വലത്തു നിന്നു് എഴുതുന്നു. അതിനാൽ അറബിഭാഷയ്ക്കു ലോകഭാഷയുടെ പദവിയുണ്ട്.